പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2136** 16/08/2017 ൽ മറുപടിക്ക്

**ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ**

ചോദ്യം

**ശ്രീ.വി. അബ്ദുറഹിമാൻ**

ഉത്തരം

**ശ്രീ. എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

(എ) ഈ സർക്കാർ അധികാരമേറ്റ സമയത്ത് കേരളത്തിലെ ഏതൊക്കെ പൊതുമേഖലാസ്ഥാപനങ്ങളാണ് ലാഭത്തിലായിരുന്നതെന്ന് വ്യക്തമാക്കുമോ;

(എ) ഈ സർക്കാർ അധികാരമേറ്റ സമയത്ത് ലാഭത്തിലായിരുന്ന 10 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം I ആയി ചേർക്കുന്നു.

(ബി) ഈ സർക്കാർ വന്നതിനുശേഷം പുതിയതായി എത്ര പൊതുമേഖലാസ്ഥാപനങ്ങളാണ് ലാഭത്തിലായത്; അവയുടെ പേരും ലാഭത്തിന്റെ കണക്കും ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം താഴെ പറയുന്ന അഞ്ച് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിലാക്കി.

| നം. | സ്ഥാപനങ്ങൾ | ലാഭം (ലക്ഷത്തിൽ) |
|---|---|---|
| 1 | ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡ്ക്ട്സ് ലിമിറ്റഡ് | 853 |
| 2 | ട്രാവൻകൂർ- കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് | 633 |
| 3 | സ്റ്റീൽ ആൻറ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് | 214 |
| 4 | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് | 152 |
| 5 | ട്രാൻസ്ഫോർമേഴ്സ് ആൻറ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് | 106 |

(സി) കേരളത്തിലെ നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാൻ ഈ സർക്കാർ വന്നതിനുശേഷം വ്യവസായ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ?

(സി) കേരളത്തിലെ നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാൻ ഈ സർക്കാർ വന്നതിനുശേഷം വ്യവസായ വകുപ്പ് സ്വീകരിച്ച നടപടികൾ അനുബന്ധം II ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം I</u>

രൂപ ലക്ഷത്തിൽ

| ക്രമ നം | സ്ഥാപനങ്ങൾ | 2015-16 |
|---|---|---|
| 1 | മലബാർ സിമൻറ്സ് ലിമിറ്റഡ് | 3,875.20 |
| 2 | കേരള സ്റ്റേറ്റ് ഇൻടസ്ട്രിയൽ ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് | 3,455.24 |
| 3 | ദി കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡ് | 2,115.54 |
| 4 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് | 102.56 |
| 5 | ഫോറസ്റ്റ് ഇൻഡസ്ട്രിസ് (ട്രാവൻകൂർ) ലിമിറ്റഡ് | 87.51 |
| 6 | കേരള സ്റ്റേറ്റ് മിനറൽ ഡവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് | 68.37 |
| 7 | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് | 55.50 |
| 8 | കേരള ആർട്ടിസാൻസ് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് | 42.31 |
| 9 | കേരള സ്റ്റേറ്റ് ഇൻററസ്ട്രിയൽ എൻറർപ്രൈസസ്സ് ലിമിറ്റഡ് | 17.65 |
| 10 | സ്റ്റീൽ ഇൻഡസ്ട്രീയൽസ് കേരള ലിമിറ്റഡ് | 11.62 |

സെക്ഷൻ ഓഫീസർ.

## അനുബന്ധം II

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) മുഖേന അവലോകനം നടത്തി പല പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ച് കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കിയും, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തി വിപണന സംവിധാനം വിപുലപ്പെടുത്തിയും, സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കിയും സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ഉൽപ്പാദന സൗകര്യങ്ങളിലും സാങ്കേതിക വിദ്യകളിലും കാലോചിതമായ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കി സ്ഥാപനങ്ങളെ സജ്ജമാക്കുവാൻ 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 270 കോടിരൂപയുടെ പദ്ധതി വിഹിതം സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇത് മുൻ വർഷങ്ങളിലെ പദ്ധതി വിഹിതത്തിനേക്കാൾ ഉയർന്ന തുകയാണ്.

ടെക്സ്റ്റൈൽ മേഖലയിലും സഹകരണമേഖലയിലുമുള്ള പ്രവർത്തനം നിലച്ചുകിടന്ന സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് 15 കോടി രൂപയുടെ അധിക ധനസഹായം ഈ സർക്കാർ നൽകി.

പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപണന വിപുലീകരണത്തിന്റെ ഭാഗമായി സ്ഥാപനങ്ങൾ തമ്മിലുള്ള പരസ്പരസഹകരണം മെച്ചപ്പെടുത്തി വിറ്റുവരവ് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പൊതുമേഖലാസ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും, സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ 25 സ്ഥാപനങ്ങൾ 2015–16 വരെയുള്ള സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളിൽ ആഡിറ്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ